## ശുപാർശ I

## പശ്ചാത്തലം

സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐടിഐ-കളിൽ രണ്ടാം ശനി ഒഴികെയുള്ള ശനിയാഴ്ചകൾ പ്രവർത്തി ദിവസമാണ്. നൈപുണ്യ പരിശീലനം കാര്യക്ഷമമാക്കുന്നതിനും ട്രെയിനികളുടെ പരിശീലന കാലയളവിനു ശേഷമുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും , പരിശീലനത്തിന്റെ സമയക്രമം സാഹചര്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കാവുന്ന നിലയിലും ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സ്കീമിലെ കരിക്കുലത്തിൽ സമീപകാലത്തായി നിരവധി പരിഷ്കാരങ്ങൾ അവതരിപ്പിച്ചു. ഈ പരിഷ്കരണങ്ങളിൽ ഐടിഐ-കളിലെ വാർഷിക പരിശീലന സമയം കുറവ് ചെയ്യുകയും , ഓൺ ദി ജോബ് ട്രെയിനിംഗ് /പ്രോജക്ട് വർക്ക് നിർബന്ധിതമാക്കി ആയതിന് സമയം നിശ്ചയിക്കുകയും , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS) വഴി പ്ലസ് ടു യോഗ്യത ഐടിഐ പഠനത്തോടൊപ്പം നേടാനുള്ള അവസരം / അല്ലെങ്കിൽ ഹ്രസ്വ കാല ഷോർട്ട് ടേം കോഴ്സുകളിൽ പഠനത്തിനുള്ള അവസരവും വിഭാവനം ചെയ്യുകയും ചെയ്തു.

മേൽപ്പറഞ്ഞ വിവരങ്ങൾ മുൻനിർത്തി, പരിശീലന നിലവാരവും പാഠ്യപദ്ധതി ആവശ്യകതകളും വിട്ടുവീഴ്ചയില്ലാതെ തുടരുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട്, കേരളത്തിലെ ഐടിഐ ട്രെയിനികൾക്ക് ശനിയാഴ്ചകൾ അവധി ദിവസങ്ങളായി നിശ്ചയിക്കുന്നതിനുള്ള സാധ്യതകൾ ഈ കമ്മിറ്റി അവലോകനം ചെയ്തു.

## പ്രധാന നിരീക്ഷണങ്ങൾ

### 1. ദേശീയ വിദ്യാഭ്യാസ നയം 2020 അടിസ്ഥാനത്തിൽ ഐടിഐ കളിലെ പരിശീലന സമയം വിന്യസിക്കൽ

ദേശീയ വിദ്യാഭ്യാസ നയം (NEP) 2020-ന് അനുസൃതമായി ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സ്കീമിലെ എല്ലാ ഏകവത്സര ട്രേഡുകളിലെയും, ദ്വിവത്സര ട്രേഡുകളിലെ ഒന്നാം വർഷത്തേയും രണ്ടാം വർഷത്തേയും ഐടിഐകളിലെ വാർഷിക പരിശീലന സമയം പുതിയ കരിക്കുലത്തിൽ 1600 മണിക്കൂറിൽ നിന്നും 1200 മണിക്കൂറായി പരിഷ്ക്കരിച്ചു. ഈ ക്രമീകരണം കൂടുതൽ സന്തുലിതമായ അക്കാദമിക് ഷെഡ്യൂൾതയ്യാറാക്കുന്നതിനും ഷെഡ്യൂളിനും പരിശീലനേതര അനുബന്ധ പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം കണ്ടെത്തുന്നതിനും സഹായിക്കുന്നു. പരിശീലന ലക്ഷ്യങ്ങളിൽ സന്ധിചെയ്യാതെ ശനിയാഴ്ച ദിവസങ്ങളിൽ ട്രെയിനിംഗ് ഒഴിവാക്കുന്നതിന് ഈ പുതിയ കരിക്കുലത്തിൽ സാധ്യതയുണ്ട്. 1200 മണിക്കൂറിനു പുറമെ തൊഴിലിടങ്ങളിലെ പ്രായോഗിക പരിശീലനത്തിനായി ഓൺ ദി ജോബ് ട്രെയിനിംഗിനായോ പ്രോജക്റ്റ് വർക്കിനോ ആയി 150 മണിക്കൂർ DGT നിർബന്ധമാക്കിയിട്ടുണ്ട് കൂടാതെ അധിക നൈപുണ്യ ശേഷി നേടുന്നതിനായി 240 മണിക്കൂർ ഓപ്ഷണൽ ഷോർട്ട് ടേം ട്രെയിനിംഗ് (STT) കോഴ്സുകളും കരിക്കുലത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

### 2. NIOS ഉം DGT ഉം തമ്മിലുള്ള സമീപകാല MOU അപ്ഡേറ്റ്

എൻഐഒഎസുമായുള്ള ഡിജിടിയുടെ പുതുക്കിയ ധാരണാപത്രം, ഐടിഐ പ്രവേശന സമയത്ത് പ്ലസ് ടു യോഗ്യതയില്ലാത്ത ഐടിഐ ട്രെയിനികൾക്ക് അവരുടെ ഐടിഐ പരിശീലനത്തോടൊപ്പം അത് പൂർത്തിയാക്കാനുള്ള അവസരം നൽകുന്നു. ഒന്നോ രണ്ടോ വർഷത്തെ ട്രേഡുകളിൽ എൻറോൾ ചെയ്തിട്ടുള്ള ട്രെയിനികൾക്ക് NIOS വ്യക്തമാക്കിയ രണ്ട് അധിക വിഷയങ്ങൾ പഠിച്ചുകൊണ്ട് അവരുടെ പ്ലസ് ടു യോഗ്യത നേടാനാകും, ഇതിനായി അവരുടെ ITI മൂല്യനിർണ്ണയത്തിന് പുറമേ NIOS പരീക്ഷകളിൽ ഹാജരാകേണ്ടതുണ്ട്. ഈ സംവിധാനം ശരിയായ നിലയിൽ പ്രയോജനപ്പെടുത്തിയാൽ ഐടിഐ കളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ കഴിയും.

### 3. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികരണം

ഐടിഐകൾക്കുള്ള ശനിയാഴ്ച അവധി സമ്പ്രദായങ്ങളെക്കുറിച്ചുള്ള 26 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികരണങ്ങൾ ഈ വിഷയത്തിൽ രാജ്യത്ത് നിലനിൽക്കുന്ന വൈവിധ്യമാർന്ന നയങ്ങൾ വെളിപ്പെടുത്തുന്നു. പതിമൂന്ന് സംസ്ഥാനങ്ങൾ ഐടിഐ

ട്രെയിനികൾക്ക് ശനിയാഴ്ച അവധി ദിവസങ്ങളായി നിശ്ചയിച്ചിട്ടുണ്ട്, ഏഴ് സംസ്ഥാനങ്ങൾ രണ്ടാം ശനിയാഴ്ച മാത്രം അവധിയായി നിശ്ചയിച്ചിട്ടുണ്ട്. ഈ വ്യത്യസ്തത പരിശീലനാർത്ഥികൾക്ക് പ്രാധാന്യം നൽകി അവർക്ക് മാനസികവും ശാരീരികവുമായ റിലാക്സേഷൻ കൂടുതൽ നൽകുന്നതിനുള്ള ഒരു പൊതു പ്രവണതയെ പ്രതിഫലിപ്പിക്കുന്നു . കേന്ദ്രീകൃതമായ പരിശീലന രീതിയിലൂന്നിയ , ട്രെയിനികൾക്ക് പ്രയോജനപ്രദമായ പരിശീലന ഷെഡ്യൂൾ കേരളത്തിലും പ്രാവർത്തികമാക്കാവുന്നതാണ്.

## 4. ഷിഫ്റ്റ് ടൈമിംഗുകളുടെ സാധ്യമായ പുനഃക്രമീകരണം

ശനിയാഴ്ച അവധി നയം നടപ്പിലാക്കുകയാണ് എങ്കിൽ, ആയതിലൂടെ പരിശീലനത്തിലെ സമയ നഷ്ടം നികത്താൻ, നിലവിലെ ഷിഫ്റ്റ് സമയങ്ങൾ ക്രമീകരിക്കാവുന്നതാണ്.
ഇനിപ്പറയുന്ന ഷിഫ്റ്റ് ഷെഡ്യൂൾ പരിഷ്കരണങ്ങൾ കമ്മിറ്റി നിർദ്ദേശിക്കുന്നു:

- ആദ്യ ഷിഫ്റ്റ്: 7.50 എ.എം മുതൽ 3 പി.എം വരെ എന്നത് രാവിലെ 7.30 എ.എം മുതൽ 3 പി.എം വരെയായി പുനർനിർണ്ണയിക്കാം.
- രണ്ടാം ഷിഫ്റ്റ്: 10 എ.എം മുതൽ 5.10 പി.എം വരെ എന്നത് രാവിലെ 10 എ.എം മുതൽ 5.30 പി.എം വരെയായി പുനർനിർണ്ണയിക്കാം.

എന്നിരിക്കിലും ഷോപ്പ് ഫ്ലോർ പരിശീലനത്തിൻറെ ആവശ്യകതയുണ്ടെകിൽ ആയതും, ഏതെങ്കിലും റെമഡിയൽ പരിശീലനം ആവശ്യമാണ് എങ്കിൽ ആയതും ട്രെയിനിംഗിന് ശനിയാഴ്ച അവധി എന്നത് പരിഗണിക്കാതെ ശനിയാഴ്ചകളിൽ ക്രമീകരിക്കേണ്ടതാണ്.

## 5. ശനിയാഴ്ച ഒരു ബാക്കപ്പ് വർക്കിംഗ് ഡേ ആയി ഉപയോഗിക്കുക

പരിശീലനം നഷ്ടമാകുന്ന നിലയിൽ തിങ്കൾ മുതൽ വെള്ളി വരെ ദിവസങ്ങളിൽ , പ്രകൃതിക്ഷോഭം പോലെയുള്ള പ്രവചനാതീതമായ കാരണങ്ങളാലോ . മറ്റ് സാഹചര്യങ്ങളിലൊ അപ്രതീക്ഷിത അവധി പ്രഖ്യാപിക്കുകയാണ് എങ്കിൽ ടി നഷ്ടം പരിഹരിക്കുന്നതിന് ശനിയാഴ്ചകൾ പ്രയോജനപ്പെടുത്താം. പ്രൊജക്റ്റ് വർക്ക് പൂർത്തിയാക്കുന്നതിനോ , തന്റേതല്ലാത്ത കാരണത്താൽ പരിശീലനത്തിൽ പകെടുക്കാൻ കഴിയാതെ വരുന്ന ട്രെയിനികൾക്ക് ആവശ്യമായ അധിക ഷോപ്പ് ഫ്ളോർ പരിശീലനം നല്കുന്നതിനോ , ശനിയാഴ്ച ഒരു നഷ്ടപരിഹാര പ്രവൃത്തി ദിവസമായി ഉപയോഗപ്പെടുത്താം. ട്രെയിനികൾക്ക് അവരുടെ റെഗുലർ പഠന സമയങ്ങൾ നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും , അധിക പരിശീലന സമയമാവശ്യമായ ട്രെയിനികൾക്ക് യഥാവിധി പരിശീലനം പ്രവർത്തി ദിനങ്ങളിൽ ഉറപ്പ് വരുത്താനും കഴിയും.

## 6. NIOS ക്ലാസുകൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കുമായി ശനിയാഴ്ചകളിലെ ഫലപ്രദമായ ഉപയോഗം

പ്ലസ് ടു യോഗ്യത നേടുന്നതിനായി ശനിയാഴ്ചകളിൽ NIOS ക്ലാസുകളിൽ ആവശ്യമുള്ള ട്രെയിനികൾക്ക് പങ്കെടുക്കാം .
കൂടാതെ, ശനിയാഴ്ചകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താം :

- പാഠ്യേതര, സാംസ്കാരിക പ്രവർത്തനങ്ങൾ: കായികം, യുവജനോത്സവങ്ങൾ, മറ്റ് സാംസ്കാരിക പരിപാടികൾ.
- അഡ്മിനിസ്ട്രേറ്റീവ് മീറ്റിംഗുകൾ: സ്റ്റാഫ് മീറ്റിംഗുകൾ, പി.ടി.എ മീറ്റിംഗുകൾ, തുടങ്ങിയവ ശനിയാഴ്ച ദിവസങ്ങളിൽ നടത്തിയാൽ പ്രവൃത്തിദിവസങ്ങളിൽ തടസ്സമില്ലാത്ത പരിശീലനത്തിന് സൗകര്യമൊരുക്കുന്നു.
- ഓപ്ഷണൽ STT ക്ലാസുകൾ: താൽപ്പര്യമുള്ള ട്രെയിനികൾക്ക് ശനിയാഴ്ചകളിൽ ഓപ്ഷണൽ ഹ്രസ്വകാല ട്രെയിനിംഗ് കോഴ്സുകളിൽ (STT ) പങ്കെടുക്കാം. പ്രവൃത്തിദിന കോഴ്സുകൾ നയിക്കുന്ന അതേ ഇൻസ്ട്രക്ടർമാർ പഠിപ്പിക്കും. ഈ പദ്ധതി പ്രവൃത്തിദിന സെഷനുകളെ ബാധിക്കാതെ ട്രെയിനികൾക്ക് വ്യത്യസ്തമായ നൈപുണ്യ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

## 7. ശനിയാഴ്ചകളിൽ ഇൻസ്ട്രക്ടർമാരുടെ സേവന വിനിയോഗം

ട്രെയിനികൾക്ക് പരിശീലനം നൽകുനതിന് പുറമെ ഇൻസ്ട്രക്ടർമാർക്ക് നിർദേശിച്ചിട്ടുള്ള ട്രെയിനിംഗ് അനുബന്ധ ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉൽപ്പാദനക്ഷമമായ ദിവസങ്ങളായി ശനിയാഴ്ചകൾ പ്രയോജനപ്പെടുത്താം

- ✓ ട്രെയിനി റെക്കോർഡുകൾ വിലയിരുത്തൽ .

- ✓ പരിശീലന ദിവസങ്ങളിലേക്ക് ആവശ്യമായ ഇൻസ്ട്രക്ഷണൽ മെറ്റീരിയൽസും മറ്റ് ട്രെയിനിംഗ് എയിഡ്സും തയ്യാറാക്കൽ
- ✓ ഓപ്ഷണൽ കോഴ്സുകളിൽ എൻറോൾ ചെയ്തിരിക്കുന്ന ട്രെയിനികൾക്കുള്ള STT ക്ലാസുകളുടെ മേൽനോട്ടം.
- ✓ ചോദ്യപേപ്പറുകൾ തയ്യാറാക്കൽ
- ✓ വകുപ്പ് നിർദേശിക്കുന്ന ToT പ്രോഗ്രാമുകളിൽ പങ്കെടുക്കൽ .
- ✓ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ നടത്തുന്ന മോഡൽ ക്ലാസുകളിൽ പങ്കെടുക്കൽ.

ശനിയാഴ്ച ദിനങ്ങൾ ഇത്തരത്തിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ പ്രവർത്തി ദിനങ്ങളിൽ ഉന്നനിലവാരമുള്ള പരിശീലനം ഉറപ്പാക്കാം

## ശുപാർശകൾ

മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെയും കമ്മിറ്റി അംഗങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന ശുപാർശകൾ നിർദ്ദേശിക്കുന്നു:

### 1. ഐ ടി ഐ ട്രെയിനികൾക്ക് ശനിയാഴ്ച അവധിയായി നിശ്ചയിക്കുക

ശനിയാഴ്ച അവധിയായി അനുവദിക്കുന്നത് രാജ്യത്തെ ഭൂരിപക്ഷം സംസ്ഥാനങ്ങളിൽ അനുവർത്തിക്കുന്ന പരിശീലന സമയ നയങ്ങളുമായി സംസ്ഥാനത്തെ പഠന സമയം സമരസപ്പെടുത്താം . ട്രെയിനികളുടെ പഠന-ജീവിത സന്തുലിതാവസ്ഥ വർദ്ധിപ്പിക്കും, അവർ മാനസികവും ശാരീരികവുമായി കൂടുതൽ പ്രചോദിതരാവും. പ്രവൃത്തിദിന സെഷനുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, മികച്ച നൈപുണ്യ ശേഷി നേടുകയും , ഐ ടി ഐ-കളിൽ നടത്തുന്ന NIOS പഠന ക്ലാസുകളിലോ ഹ്രസ്വകാല ട്രെയിനിംഗുകളിലോ പങ്കെടുത്ത് അധിക യോഗ്യത നേടുകയും ചെയ്യും.

### 2. റീസ്ട്രക്ചർ ഷിഫ്റ്റ് ടൈമിംഗ്

നിലവിലെ ഐ ടി ഐ-കളിലെ ഷിഫ്റ്റ് ഷെഡ്യൂൾ ഇനിപ്പറയുന്ന രീതിയിൽ പരിഷ്ക്കരിക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു:

- ➔ ആദ്യ ഷിഫ്റ്റ്: 7.30 am – 3 pm
- ➔ രണ്ടാം ഷിഫ്റ്റ്: 10 am – 5.30 pm

ഈ പുതിയ സമയക്രമം ITI-കളെ ഡിജിടി-യുടെ പുതിയ കരിക്കുലം പ്രകാരം നിബന്ധന ചെയ്തിട്ടുള്ള ഐടിഐ പരിശീലനം, ഓൺ ദി ജോബ് ട്രെയിനിംഗ് (OJT) അല്ലെങ്കിൽ പ്രോജക്ട് വർക്ക് , NIOS മുഖേനെയുള്ള പ്ലസ്-ടു തുല്യതാ പഠനം അല്ലെങ്കിൽ ഹ്രസ്വകാല ട്രെയിനിംഗുകൾ എന്നിവക്കായി സമയ ക്രമീകരണത്തിന് സഹായിക്കും. പ്രകൃതി ദുരന്തങ്ങൾ മൂലമോ മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ മൂലമോ ഏതെങ്കിലും പരിശീലന ദിവസം നഷ്ടപ്പെട്ടാൽ പകരം പരിശീലന ദിവസമായി ശനിയാഴ്ചകൾ പ്രയോജനപ്പെടുത്താം . ഷോപ്പ് ഫ്ലോർ പരിശീലനമോ റെമഡിയൽ ക്ലാസുകളോ ആവശ്യമായി വന്നാൽ പ്രിസിപ്പൽമാരെ മുൻകൂട്ടി അറിയിച്ച് ശനിയാഴ്ചകളിൽ പരിശീലനം നൽകാവുന്നതാണ്.

### 3. ശനിയാഴ്ച ഒരു ആകസ്മിക പ്രവൃത്തി ദിനമായി ഉപയോഗിക്കുക

പ്രകൃതി ദുരന്തങ്ങൾ മൂലമോ മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ മൂലമോ ഏതെങ്കിലും പരിശീലന ദിവസം നഷ്ടപ്പെട്ടാൽ , ആ പരിശീലന നഷ്ടം പരിഹരിച്ച് പരിശീലന ഷെഡ്യൂളിൽ നിർണയിച്ചിട്ടുള്ള പ്രാക്ടിക്കൽ ക്ലാസ്സുകൾക്ക് തുടർച്ചയും ഷെഡ്യൂൾ പ്രകാരമുള്ള സമയക്ലിപ്തതയും പാലിക്കുന്നതിന് ശനിയാഴ്ച ഒരു ആകസ്മിക പ്രവൃത്തിദിനമായി മാറ്റാവുന്നതാണ്.

### 4. NIOS, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ശനിയാഴ്ചകൾ അനുവദിക്കുക

പ്ലസ് ടു യോഗ്യതയ്ക്ക് ആവശ്യമായ NIOS വിഷയങ്ങൾക്കായി പഠന സെഷനുകൾ നടത്താൻ ശനിയാഴ്ചകൾ ഉപയോഗിക്കാം. കൂടാതെ,പാഠ്യേതര, സാംസ്കാരിക പ്രവർത്തനങ്ങൾ, സ്റ്റാഫ് മീറ്റിംഗുകൾ, PTA മീറ്റിംഗുകൾ, മറ്റ് അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾ എന്നിവ

സ്റ്റാഫ് മീറ്റിംഗുകൾ, PTA മീറ്റിംഗുകൾ, മറ്റ് അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾ എന്നിവ ശനിയാഴ്ചകളിൽ ഷെഡ്യൂൾ ചെയ്യാം. ഇത് പ്രധാന പ്രവൃത്തിദിന പഠന ഷെഡ്യൂൾ കാര്യക്ഷമവും സമയബന്ധിതവുമായി പ്രാവർത്തികമാക്കുന്നതിന് സഹായിക്കും.

**5. ശനിയാഴ്ചകളിൽ ഓപ്ഷണൽ STT കോഴ്സുകൾ ഓഫർ ചെയ്യുക**

അധിക നൈപുണ്യ ശേഷി നേടാൻ താൽപ്പര്യമുള്ള ട്രെയിനികൾക്ക് ശനിയാഴ്ചകളിൽ ഹ്രസ്വകാല പരിശീലന (STT) കോഴ്സുകളിൽ പങ്കെടുക്കാം. ഐ ടി ഐ ഇൻസ്ട്രക്ടർമാരുടെ സേനം ഈ കോഴ്സുകൾ കൈകാര്യം ചെയ്യാൻ പ്രയോജനപ്പെടുത്താം. ഈ സമീപനം ട്രെയിനികളുടെ നൈപുണ്യ ശേഷിയെ വൈവിധ്യ വത്കരിക്കുകയും അവരുടെ നൈപുണ്യ പോർട്ട്ഫോളിയോകളെ സമ്പുഷ്ടമാക്കുകയും ചെയ്യും.

**6. ഇൻസ്ട്രക്ടർമാരുടെ പരിശീലന അനുബന്ധ ഉത്തരവാദിത്തങ്ങൾക്കായി ശനിയാഴ്ചകൾ ഉപയോഗിക്കുക**

ട്രെയിനികളുടെ റെക്കോർഡ് ബുക്കുകളുടെ പരിശോധന , മൂല്യനിർണ്ണയം, പ്രോജക്ട് മേൽനോട്ടം, മെഷീൻ മെയിന്റനൻസ്, പരിശീലന ദിവസങ്ങളിലേക്ക് ആവശ്യമായ ഇൻസ്ട്രക്ഷണൽ മെറ്റീരിയൽസും മറ്റ് ട്രെയിനിംഗ് എയിഡ്സും തയ്യാറാക്കൽ, ഓപ്ഷണൽ കോഴ്സുകളിൽ എൻറോൾ ചെയ്തിരിക്കുന്ന ട്രെയിനികൾക്കുള്ള STT ക്ലാസുകളുടെ മേൽനോട്ടം, ചോദ്യപേപ്പറുകൾ തയ്യാറാക്കൽ, വകുപ്പ് നിർദേശിക്കുന്ന ToT പ്രോഗ്രാമുകളിൽ പങ്കെടുക്കൽ , ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ നടത്തുന്ന മോഡൽ ക്ലാസുകളിൽ പങ്കെടുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ഇൻസ്ട്രക്ടർമാർക്ക് ശനിയാഴ്ചകൾ ഉപയോഗിക്കാം. ശനിയാഴ്ചകളിൽ ഈ ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്യുന്നത് പരിശീലനത്തിന്റെ നിലവാരവും വർക് ഷോപ്പുകളിലും ക്ലാസ്റൂമുകളിലും സമയത്തിന്റെ ശരിയായ പ്രയോജനപ്പെടുത്തലും ഉറപ്പാക്കും.

**ഉപസംഹാരം**

കേരളത്തിലെ ഐ ടി ഐ ട്രെയിനികൾക്കായി " ശനിയാഴ്ച അവധി നയം " നടപ്പിലാക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഷിഫ്റ്റ് ടൈമിംഗുകൾക്ക് ആവശ്യമായ ക്രമീകരണങ്ങളും ശനിയാഴ്ചകളിൽ NIOS ക്ളാസ്സുകൾക്കും മറ്റ് പഠ്യേതര പാഠ്യ അനുബന്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ് . ഈ നടപടികൾ കേരളത്തിലെ ഐ ടി ഐ കളിലെ പരിശീലന നയങ്ങളെ ദേശീയ മികച്ച രീതികളോടും കാഴ്ചപ്പാടുകളോടും സമീകരണത്തിനും ഒപ്പം സംതുലിതവും അയവുള്ളതും സമ്പുഷ്ടവുമായ പരിശീലന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായിക്കും .

Mini Mathew. ADT [signature] A. Shamim Baker. JDT [signature]

1. Sudhesankar. DySAA [signature]

2 Vinod Kumar. R. TTO [signature]

3. Suresh kumar. R DDP [signature]

4. Sugesh. K, V.P. ITI Dhanuvachapuram [signature]

5. Shyju Kumar. G. DDT [signature]

6. Naseer. A HC ITI Attingal [signature]

7 Dileepan B.S Prl. ITI. KNR [signature]

## ശുപാർശ II

## പശ്ചാത്തലം

സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐടിഐ-കളിൽ രണ്ടാം ശനി ഒഴികെയുള്ള ശനിയാഴ്ചകൾ പ്രവർത്തി ദിവസമാണ്. ക്രഫ്ട്സ്മാൻ ട്രെയിനിംഗ് സ്കീമിനെ ദേശീയ വിദ്യാഭ്യാസ നയം 2020-മായി സമരസപ്പെടുത്തുനതിന്റെ ഭാഗമായി അവതരിപ്പിച്ച പുതിയ കരിക്കുലത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ഐടിഐ-കളിലെ ഏക വത്സര ട്രേഡുകളിലെയും ദ്വിവത്സര ട്രേഡുകളിലെ ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും വാർഷിക പരിശീലന സമയം 1600 മണിക്കൂറിൽ നിന്നും 1200 മണിക്കൂർ ആയി പുനക്രമീകരിച്ചു. ഈ മാറ്റത്തിൽ ഐടിഐ പരിശീലാത്തിന് പുറമെ 150 മണിക്കൂർ തൊഴിൽ ഇടങ്ങളിലെ "ഓൺ ദി ജോബ് ട്രെയിനിംഗ്" അല്ലെങ്കിൽ പ്രോജക്ട് വർക്ക് നിർബന്ധിതമാക്കിയത് പരിശീലന ഷെഡ്യൂളിൽ ഫ്ലെക്സിബിലിറ്റി നിലനിർത്തി സിടിഎസ് സ്കീമിലെ പരിശീലനത്തിന്റെ മികവ് വർദ്ധിപ്പിക്കുക എന്ന ഡിജിറ്റിയുടെ ലക്ഷ്യത്തെ സാധൂകരിക്കുന്നതാണ്. അതിനു പുറമെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS) വഴി പ്ലസ് ടു യോഗ്യത ഐടിഐ പഠനത്തോടൊപ്പം നേടാനുള്ള അവസരം അല്ലെങ്കിൽ അധിക നൈപുണ്യം നേടുന്നതിനായി ഹ്രസ്വ കാല ഷോർട്ട് ടേം കോഴ്സുകളിൽ പഠനത്തിനുള്ള അവരം ഒരുക്കുന്നതിനായി 240 മണിക്കൂറും കരിക്കുലത്തിൽ നിർദേശിച്ചിട്ടുണ്ട്.

രാജ്യത്തെ 26 സംസ്ഥാനങ്ങളിൽ ശനിയാഴ്ച ദിവസങ്ങളിലെ ഐടിഐ പ്രവർത്തനത്തെ സംബന്ധിച്ച് നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു' .

- 13 സംസ്ഥാനങ്ങളിൽ എല്ലാ ശനിയാഴ്ചകളും ട്രെയിനികൾക്ക് അവധിയാണ് . എന്നാൽ ടി സംസ്ഥാനങ്ങളിലെ പ്രവർത്തി ദിനങ്ങളിലെ പരിശീലന ദൈർഘ്യം കൂടുതൽ ആണ്.
- 2 സംസ്ഥാനങ്ങളിൽ എല്ലാ ശനിയാഴ്ചകളും പ്രവർത്തി ദിവസങ്ങൾ ആണ്
- 7 സംസ്ഥാനങ്ങളിൽ രണ്ടാം ശനിയാഴ്ചകൾ അവധി അനുവദിക്കുന്നു
- 4 സംസ്ഥാനങ്ങളിൽ ഒന്നാമത്തെയും മൂന്നാമത്തെയും ശനിയാഴ്ചകളിൽ ട്രെയീനികൾക്ക് അവധി അനുവദിക്കുന്നു

സംസ്ഥാനത്തെ ട്രെയീകൾക്ക് ശനിയാഴ്ച അവധി അനുവദിക്കുന്നത് സംബന്ധിച്ച് പഠനത്തിനായി നിയോഗിച്ച കമ്മിറ്റി , മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അവധി അനുവദിക്കുന്നതിന്റെ സാധ്യതകളും അനുബന്ധ വിഷയങ്ങളും പരിശോധിച്ചു.

## പ്രധാന നിരീക്ഷണങ്ങൾ

**1. ദേശീയ വിദ്യാഭ്യാസ നയം 2020-മായി സംയോജിപ്പിക്കൽ**

ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സ്കീമിന്റെ പാഠ്യപദ്ധതിയെ ദേശീയ വിദ്യാഭ്യാസ അയം 2020-മായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഐടിഐ-കളിലെ വാർഷിക പഠന സമയം 1200 മണിക്കൂർ ആയി കുറവ് ചെയ്യുകയും അതിനു പുറമെ 150 മണിക്കൂർ ഓൺ ദി ജോബ് ട്രെയിനിംഗ് അല്ലെങ്കിൽ പ്രോജക്ട് വർക്ക് നിർബന്ധിതമാക്കുകയും , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (NIOS) വഴി പ്ലസ് ടു യോഗ്യത ഐടിഐ പഠനത്തോടൊപ്പം നേടാനുള്ള അവസരം / അല്ലെങ്കിൽ അധിക നൈപുണ്യം നേടുന്നതിനായി ഹ്രസ്വ കാല ഷോർട്ട് ടേം കോഴ്സുകളിൽ പഠനത്തിനുള്ള അവസരവും വിഭാവനം ചെയ്യുകയും ചെയ്തു. ഈ മാറ്റം പരിശീലന സമയത്തെ സന്തുലിതമാക്കുകയും സാഹചര്യങ്ങൾക്ക് അനുസരിച്ച് പരിശീലന ഷെഡ്യൂൾ ക്രമീകരിക്കാനുള്ള അവസരം നല്കുകയും ചെയ്യുന്നു. പുതിയ കരിക്കുലം പരിശീലന ഷെഡ്യൂളുകൾക്ക് ഘടനാപരമായ ദൃഢത നല്കുന്നതിനൊപ്പം സന്ദർഭോജിതമായി സ്വാംശീകരിക്കുന്നതിനുള്ള അവസരവും നൽകുന്നു

**2. വ്യവസായ-ബന്ധിത പരിശീലനവും നിർബന്ധിത സമയവും**

പുതിയ കരിക്കുലത്തിലെ, 150 മണിക്കൂർ ഓൺ ദി ജോബ് ട്രെയിനിംഗിനൊ പ്രോജക്ട് വർക്കിനോ മാറ്റിവെക്കുന്നതിനുള്ള നിബന്ധന, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ പരിശീലനാർത്ഥികൾ പ്രായോഗികവും വ്യവസായ അന്തരീക്ഷവുമായി ബന്ധപ്പെട്ടതുമായ കഴിവുകൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നു.

**3. മറ്റ് സംസ്ഥാനങ്ങളിലെ സാഹചര്യം**

26 സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കി കമ്മിറ്റി പരിശോധിച്ചു. 13 സംസ്ഥാനങ്ങളിൽ ശനിയാഴ്ച ട്രെയിനികൾക്കുള്ള അവധി ദിനമാണ്. എന്നാൽ , പല സംസ്ഥാനങ്ങളും ഭാഗിക ശനിയാഴ്ച അവധികൾ എന്ന രീതി പിന്തുടരുകയോ അല്ലെങ്കിൽ ശനിയാഴ്ചളിൽ അവധി അനുവദിക്കാതെയിരിക്കുകയോ ചെയ്യുന്നു. ഇത് രാജ്യത്തുടനീളമുള്ള വൈവിധ്യമാർന്ന സമീപനങ്ങളെ സൂചിപ്പിക്കുന്നു. നൈപുണ്യ പരിശീലനത്തിന്റെ മികവ് ഉറപ്പാക്കുന്നതിനൊപ്പം , തൊഴിൽ-ജീവിത സന്തുലിതാവസ്ഥയെ ഉൾക്കൊള്ളുന്ന വിശാലമായ പ്രവണതയെ ഇത് പ്രതിഫലിപ്പിക്കുന്നു.

**4. കേരളത്തിലെ ഐടിഐ-കളിലെ നിലവിലെ സമയക്രമത്തിലുണ്ടാകുന്ന മാറ്റം**

കേരളത്തിലെ ഐടിഐകൾ നിലവിൽ താഴെപ്പറയുന്ന സമയക്രമത്തിൽ രണ്ട് ഷിഫ്റ്റ് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്.

- ✓ ഷിഫ്റ്റ് ഒന്ന് : 07:50 മുതൽ 03 വരെ
- ✓ ഷിഫ്റ്റ് രണ്ട് : 10 മുതൽ 05:10 വരെ

"ശനിയാഴ്ച അവധി നയം" നടപ്പിലാക്കുകയാണെങ്കിൽ, പരിശീലനത്തിന്റെ ഗുണനിലവാരത്തെ ബാധിക്കാതെ, പരിശീലനാർത്ഥികൾക്ക് ആവശ്യമായ പരിശീലന സമയം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ ഷിഫ്റ്റ് സമയങ്ങളിൽ ക്രമീകരണം ആവശ്യമായി വരും.

**5. പരിശീലന ഷെഡ്യൂളിലെ ആകസ്മിക സമയ നഷ്ടങ്ങൾ നികത്തൽ**

നിശ്ചിത ശനിയാഴ്ചകൾ ട്രെയിനികൾക്ക് അവധി ദിവസങ്ങളായി അനുവദിക്കുന്നത്, മറ്റ് പ്രവൃത്തിദിവസങ്ങളിലെ അപ്രതീക്ഷിത സമയ നഷ്ടത്തിനോ , നഷ്ടമായ ദിവസങ്ങൾക്കോ പകരമായി ടി ശനിയാഴ്ചകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്നു. അപ്രതീക്ഷിത അവധി ദിനങ്ങളോ പരിപാടികളോ കാരണം ഒരു പ്രവൃത്തി ദിവസം നഷ്ടമായാൽ, പരിശീലന ഷെഡ്യൂളിൽ മാറ്റം വരുത്താതെ , അവധി ആയി നിശ്ചയിച്ചിട്ടുള്ള ശനിയാഴ്ച പ്രവൃത്തി ദിവസമായി ഉപയോഗിക്കാമെന്ന് കമ്മിറ്റി അംഗങ്ങൾ നിർദ്ദേശിക്കുന്നു.

**6.ഭാഗിക ശനിയാഴ്ച അവധി സംബന്ധിച്ച് കമ്മിറ്റിയുടെ കാഴ്ചപ്പാട്**

കേരളത്തിലെ ഐടിഐ ട്രെയിനികൾക്ക് എല്ലാ ശനിയാഴ്ചകൾക്കും പകരം രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകൾ മാത്രം അവധിയായി നിശ്ചയിക്കണമെന്ന് പല കമ്മിറ്റി അംഗങ്ങളും നിർദ്ദേശിച്ചു. ഈ ക്രമീകരണം പരിശീലന പ്രവർത്തനങ്ങളിലെ സ്ഥിരതയ്ക്കൊപ്പം തുടർച്ച ഉറപ്പാക്കി പഠനപ്രവർത്തനങ്ങളെ സന്തുലിതമാക്കുകയും പരിശീലന സമയം വിട്ടുവീഴ്ച ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. സ്റ്റാഫ് മീറ്റിംഗ് , പിടിഎ മീറ്റിംഗ് എന്നിവ സംഘടിപ്പിക്കുന്നതിനായും ട്രെയിനികൾക്ക് പരിശീലനം നൽകുനതിന് പുറമെ ഇൻസ്ട്രക്ടർമാർക്ക് നിർദേശിച്ചിട്ടുള്ള അനുബന്ധ ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉൽപ്പാദനക്ഷമമായ ദിവസങ്ങളായി നാലാം ശനിയാഴ്ചകൾ പ്രയോജനപ്പെടുത്താം.

**7. ഒന്നും മൂന്നും ശനിയാഴ്ചകൾക്കുള്ള നിർദ്ദേശിത പ്രവർത്തനങ്ങൾ**

ഈ ശനിയാഴ്ചകൾ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാം, ഇത് പരിശീലന ഷെഡ്യൂളിനെ ബാധിക്കാതെ സമ്പുഷ്ടമായ പരിശീലന അന്തരീക്ഷം അനുവദിക്കുന്നു. കമ്മിറ്റി നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ :

- ➢ പാഠ്യേതര പ്രവർത്തനങ്ങൾ: സ്പോർട്സ്, യുവജനോത്സവങ്ങൾ, ട്രെയിനീസ് കൗൺസിൽ തിരഞ്ഞെടുപ്പും മറ്റ് സാംസ്കാരിക പരിപാടികളും.
- ➢ ഓപ്ഷണൽ STT കോഴ്സുകൾ: താൽപ്പര്യമുള്ള ട്രെയിനികൾക്ക് ഈ ശനിയാഴ്ചകളിൽ STT-കളിൽ പങ്കെടുക്കാം. കോഴ്സുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥാപനത്തിലെ ഇൻസ്ട്രക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്താം.

**8. രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും ഇൻസ്ട്രക്ടർമാരുടെ ചുമതലകൾ '**

ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിന് പുറമെ ഇൻസ്ട്രക്ടർമാർക്ക് നിർദേശിച്ചിട്ടുള്ള അനുബന്ധ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് ശനിയാഴ്ചകൾ ഉപയോഗിക്കാം:

- ➔ ട്രെയിനി റെക്കോർഡുകളുടെ പരിശോധയും ലേണിംഗ് ഔട്ട്കം മൂല്യനിർണ്ണയവും
- ➔ ട്രെയിനികളുടെ പ്രോജക്ട് വർക്ക് മേൽനോട്ടം.
- ➔ മെഷീൻ മെയിൻറനൻസ് നടത്തൽ .
- ➔ ഇൻസ്ട്രക്ഷണൽ മെറ്റീരിയൽ തയ്യാറാക്കൽ.
- ➔ STT കോഴ്സുകൾ നടത്തൽ .
- ➔ ഗ്രൂപ്പ് ഇൻസ്ട്രക്ടർ / പ്രിൻസിപ്പാൾ മുൻപാകെ മോഡൽ ക്ലാസുകൾ അവതരിപ്പിക്കൽ
- ➔ റെമെഡിയൽ അല്ലെങ്കിൽ ഷോപ്പ് ഫ്ലോർ പരിശീലനം

## ശുപാർശകൾ

നിരീക്ഷണങ്ങളുടെയും ഫീഡ്ബാക്കുകളുടെയും അടിസ്ഥാനത്തിൽ, സമിതി ഇനിപ്പറയുന്ന ശുപാർശകൾ നിർദ്ദേശിക്കുന്നു:

**1. ട്രെയിനികൾക്ക് രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകൾ അവധിയായി അനുവദിക്കാവുന്നതാണ്.**

ഐടിഐ ട്രെയിനികൾക്ക് എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകൾ അവധി ദിവസങ്ങളായി നിശ്ചയിക്കാം. ഈ ഷെഡ്യൂൾ കേരളത്തിൻറെ പരിശീലന ഷെഡ്യൂളിനെ മറ്റ് സംസ്ഥാനങ്ങളിൽ അനുവർത്തിക്കുന്നവയിലെ മികച്ച കീഴ്വഴക്കങ്ങളുമായി സമരസപ്പെടുത്തും. അതേസമയം ട്രെയിനികൾക്ക് ആനുകാലിക ഇടവേളകൾ ലഭിക്കുകയും അവരുടെ മാനസിക ശാരീരിക പ്രചോദനങ്ങൾ കൂടുതൽ മെച്ചപ്പെടുകയും ചെയ്യും .

**2. അവധി അനുവദിക്കുന്ന ദിവസങ്ങളെ 'നഷ്ടപരിഹാര' ദിവസങ്ങളായി പ്രയോജനപ്പെടുത്താവുന്നതാണ്.**

പ്രകൃതി ദുരന്തങ്ങൾ മൂലമോ മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ മൂലമോ ഏതെങ്കിലും പരിശീലന ദിവസം നഷ്ടപ്പെട്ടാൽ , പരിശീലന ഷെഡ്യൂളിൽ നിർണയിച്ചിട്ടുള്ള പ്രാക്ടിക്കലുകൾ/ക്ലാസുകൾക്ക് തുടർച്ചയും ഷെഡ്യൂൾ പ്രകാരമുള്ള സമയക്ളിപ്തതയും പാലിക്കുന്നതിന് പ്രവൃത്തിദിനമായി നാലാം ശനിയാഴ്ച പരിഗണിക്കാം. മറ്റ് പ്രവർത്തങ്ങൾ ഒഴിവാക്കി ആവശ്യമെങ്കിൽ ടി ആവശ്യത്തിലേക്ക് ഒന്നും മൂന്നും ശനിയും പ്രയോജനപ്പെടുത്താം.

**3. പാഠ്യേതര, പാഠ്യ അനുബന്ധ പ്രവർത്തനങ്ങൾക്കായി പ്രവർത്തനങ്ങൾക്കായി ശനിയാഴ്ചകൾ നിശ്ചയിക്കുക**

പ്രവൃത്തി ദിവസങ്ങളായി അവശേഷിക്കുന്ന ശനിയാഴ്ചകൾ പാഠ്യേതര, പാഠ്യഅനുബന്ധ പ്രവർത്തനങ്ങൾക്കായി, പ്രവർത്തിദിനമായി നിശ്ചയിച്ചിട്ടുള്ള ശനിയാഴ്ചകൾ പ്രയോജാപ്പെടുത്തണം. സ്പോർട്സ്, ആർട്ട്സ് മൽസരങ്ങൾ , സാംസ്കാരികമൊ സാമൂഹ്യമോ ആയ പ്രതിബദ്ധതയുള്ള മറ്റ് പരിപാടികൾ (നൈപുണ്യ കർമ്മ സേന ,നാഷണൽ സർവീസ് സ്കീം മുതലായ പ്രവർത്തനങ്ങൾ ഉൾപ്പടെ) , ട്രെയിനീസ് കൗൺസിൽ ഇലക്ഷൻ , കൌൺ സിൽ ഉത്ഘാടനം മുതലായ എല്ലാം ശനിയാഴ്ചകളിൽ ക്രമീകരിക്കാവുന്നതാണ്. ട്രെയിനികളുടെ ഐടിഐ കാല അനുഭവങ്ങൾ സമ്പുഷ്ടമാക്കുഅതിനൊപ്പം പരിശീലന സമയ

നഷ്ടം ഒഴിവാക്കുകയും ട്രെയിനികളുടെ പ്രചോദനം ഉയർത്തുകയും ചെയ്യും.. സ്റ്റാഫ് മീറ്റിംഗുകൾ, പിടിഎ മീറ്റിംഗുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നാലാം ശനിയാഴ്ചകളിൽ നടത്താം, ഇത് പരിശീലന പ്രവർത്തനങ്ങളുടെ കാര്യക്ഷമതക്കും ഫലപ്രദമായ മാനേജ്മെൻറിനും ഗുണകരമാകും .

**4. സമയ നഷ്ടം കൂടാതെ കാര്യക്ഷമമായ പരിശീലനം ഉറപ്പാക്കൽ**

പാഠ്യ അനുബന്ധ , പാഠ്യേതര പ്രവർത്തനങ്ങൾക്ക് ശനിയാഴ്ചകൾ നിശ്ചയിച്ചതിലൂടെ പരിശീലന ഷെഡ്യൂളിൽ സമയനഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കാൻ കഴിയും. ഷെഡ്യൂൾ പ്രകാരം ട്രെയിനിംഗ് നടക്കുന്നു എന്നത് ഉറപ്പ് വരുത്തുന്നതിന് സ്ഥാപനമേധാവികളും ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരും ഉറപ്പ് വരുത്തണം . ആർട്സ് , സ്പോർട്സ് ആക്ടിവിറ്റികൾക്കും മറ്റ് സാംസ്കാരിക സാമൂഹ്യ പരിപാടികൾക്കും ശനിയാഴ്ച മാത്രമോ ആവശ്യമെകിൽ ശനിയും അതിനോട് ചേർന്ന് വരുന്ന ദിവസങ്ങളിലും മാത്രമോ ആയി ക്രമീകരിക്കണം .

**5. ശനിയാഴ്ചകളിൽ ഓപ്ഷണൽ ഹ്രസ്വകാല ട്രെയിനിംഗ് കോഴ്സുകൾ**

രണ്ടാം ശനിയാഴ്ചകൾ ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളും താൽപ്പര്യമുള്ള ട്രെയിനികൾക്കായി ഓപ്ഷണൽ ഹ്രസ്വകാല ട്രെയിനിംഗ് കോഴ്സുകൾ (STT) നടത്താവുന്നതാണ്. പ്രധാന പ്രവൃത്തിദിന ഷെഡ്യൂളുകൾ തടസ്സപ്പെടുത്താതെ അധിക നൈപുണ്യ ശേഷി നേടുന്നതിന് ട്രെയിനികൾക്ക് ഇതിലൂടെ അവസരം ലഭിക്കും.

**6. NIOS ഉം DGT –യും തമ്മിലുള്ള ഏറ്റവും പുതിയ ധാരണാപത്രം പ്രകാരമുള്ള പ്ലസ് ടു തുല്യതാ പരീക്ഷ എഴുതുനതിനുള്ള അവസരം നല്കാവുന്നതാണ്**

എൻഐഒഎസുമായുള്ള ഡിജിടിയുടെ പുതുക്കിയ ധാരണാപത്രം, ഐടിഐ പ്രവേശന സമയത്ത് പ്ലസ് ടു യോഗ്യതയില്ലാത്ത ഐടിഐ ട്രെയിനികൾക്ക് അവരുടെ ഐടിഐ പരിശീലനത്തോടൊപ്പം അത് പൂർത്തിയാക്കാനുള്ള അവസരം നൽകുന്നു. ഒന്നോ രണ്ടോ വർഷത്തെ ട്രേഡുകളിൽ എൻറോൾ ചെയ്തിട്ടുള്ള ട്രെയിനികൾക്ക് NIOS നിർദേശിച്ചിട്ടുള്ള രണ്ട് അധിക വിഷയങ്ങൾ പഠിച്ചുകൊണ്ട് അവരുടെ പ്ലസ് ടു യോഗ്യത നേടാനാകും, ഇതിനായി അവരുടെ ITI മൂല്യനിർണ്ണയത്തിന് പുറമേ NIOS പരീക്ഷകളിൽ ഹാജരാകേണ്ടതുണ്ട്. ഈ സംവിധാനം ശരിയായ നിലയിൽ പ്രയോജനപ്പെടുത്തിയാൽ ഐടിഐ കളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ കഴിയും.

**7. ശനിയാഴ്ചകളിൽ ഇൻസ്ട്രക്ടർമാരുടെ സേവന വിനിയോഗം**

ട്രെയിനികൾക്ക് പരിശീലനം നൽകുനതിന് പുറമെ ഇൻസ്ട്രക്ടർമാർക്ക് നിർദേശിച്ചിട്ടുള്ള അനുബന്ധ ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉൽപ്പാദനക്ഷമമായ ദിവസങ്ങളായി ശനിയാഴ്ചകൾ പ്രയോജനപ്പെടുത്താം

- ✓ ട്രെയിനി റെക്കോർഡുകൾ പരിശോധായും ലേണിംഗ് ഔട്ട്കം മൂല്യ നിർണയവും.
- ✓ പ്രോജക്ട് വർക്ക് മേൽനോട്ടം.
- ✓ മെഷീൻ മെയിൻറനൻസ് .
- ✓ പരിശീലന ദിവസങ്ങളിലേക്ക് ആവശ്യമായ ഇൻസ്ട്രക്ഷണൽ മെറ്റീരിയൽസും മറ്റ് ട്രെയിനിംഗ് എയിഡ്സും തയ്യാറാക്കൽ
- ✓ ഓപ്ഷണൽ കോഴ്സുകളിൽ എൻറോൾ ചെയ്തിരിക്കുന്ന ട്രെയിനികൾക്കുള്ള STT ക്ലാസുകളുടെ മേൽനോട്ടം.
- ✓ ചോദ്യപേപ്പറുകൾ തയ്യാറാക്കൽ
- ✓ വകുപ്പ് നിർദേശിക്കുന്ന ToT പ്രോഗ്രാമുകളിൽ പങ്കെടുക്കൽ .
- ✓ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ/ പ്രിൻസിപ്പാൾ മുൻപാകെ മോഡൽ ക്ലാസ് നടത്തൽ .

**ഉപസംഹാരം**

രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകൾ മാത്രം അവധിയായി നിശ്ചയിച്ച് കേരളത്തിലെ ഐടിഐ ട്രെയിനികൾക്കായി ശനിയാഴ്ച അവധി നയം നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഈ സമീപനം വർക്ക്-ലൈഫ് ബാലൻസ് പിന്തുണയ്ക്കുമ്പോൾ തന്നെ DGT ആവശ്യകതകളുമായി പൊരുത്തപ്പെടുന്ന ഒരു സമതുലിതമായ ഘടന പരിശീലന ഷെഡ്യൂളി നൽകുന്നു. അപ്രതീക്ഷിത അവധി ദിവസങ്ങളിൽ ശനിയാഴ്ചകൾ പ്രവൃത്തി

ദിവസങ്ങളായി ഉപയോഗിക്കാനുള്ള സൗകര്യം പരിശീലനത്തിൻ്റെ തുടർച്ചയെ കൂടുതൽ ഉറപ്പു വരുത്തുന്നു.

Mini Mathew. ADT [signature] A. Shammi Baker. JDT [signature]

1. Sudhesankar. R DySAA [signature]
2. Vinod Kumar. R, TTO [signature]
3. Suresh Kumar. R DDP [signature]
4. Sugesh.K, V.P. ITI Dhanuvachapuram [signature]
5. Shyni Kumari.G. ADT [signature]
6. Naseer A. HC ITI Attingal [signature]
7. Dileepan. B.S Prl. ITI.KNR [signature]